ആത്മബോധം

കിളിപ്പാട്ടു് വിവൎത്തനം

✻

വിവൎത്തകൻ

തിരുവങ്ങാടു് കൃഷ്ണക്കുറുപ്പ്

ശ്രീശങ്കര ഭഗവദ്പാദാചാര്യകൃതം

ആത്മബോധം

(കിളിപ്പാട്ട്)

KOTTAYAM PUBLIC LIBRARY
70884
KOTTAYAM.

[മൂലവും, ഇംഗ്ലീഷുതർജ്ജമയും കൂടിച്ചേർത്തത്]

വിവർത്തകൻ:

കൃഷ്ണാനന്ദസ്വാമി

(തിരുവങ്ങാട് സി. കൃഷ്ണക്കുറുപ്പ്)

1964 വില 1.25

പകർപ്പവകാശം വിവർത്തകന്ന്

ഒന്നാം പതിപ്പ് 1964

MA:4

Copyright Reserved

Title: Athmabodha

Translation: Tiruvangad Krishna Kurup

Printed by Kurur Neelakandhan Nambudiripad
at the Mathrubhumi Press, Calicut-1

Price Rs 1/25

Publisher:
Tiruvangad Krishna Kurup

December 1964

വിഷയവിവരം

1	അവതാരിക	....	1
2	ആമുഖം	....	3
3	ഗുരുവന്ദനം	....	17
4	മൂലഗ്രന്ഥതർജ്ജമ	....	23
5	സമർപ്പണം	....	43
6	മൂലഗ്രന്ഥം	....	45
7	ടിപ്പണി	....	57
8	ഇംഗ്ലീഷുതർജ്ജമ	....	65

35—ാം പേജ് 42—ാം ശ്ലോകം, 6—ാമത്തെ വരിയിൽ ജ്ഞാതം എന്നത് ജ്ഞാനം എന്ന് വായിക്കുക.

അവതാരിക

ശ്രീശങ്കരാചാര്യവിരചിതമെന്നു പ്രസിദ്ധമായ ആത്മബോധം 67 അനുഷ്ടുപ്ശ്ലോകങ്ങളും ഒരു സമാപന പദ്യവുമടങ്ങിയ ഒരു ലഘുനിബന്ധമാണ്. ഇതിലെ ഏഴാം ശ്ലോകം ചില മുദ്രിതാദർശങ്ങളിൽ കാണുന്നില്ല. അതിനാൽ ചിലരുടെ അഭിപ്രായത്തിൽ ഒരു ശ്ലോകം കുറയും. ഭാഷ അത്യന്തം ലളിതമാണ്. അക്ലിഷ്ടമായ ഗ്രഥനരീതി. വിഭക്തി ജ്ഞാനമുള്ളവർക്കെല്ലാം വാക്യാർത്ഥം ഉന്നയിക്കാനൊരു വിഷമവുമില്ല. എന്നാൽ വിഷയ ഗാംഭീര്യത്താൽ സാധാരണക്കാർക്ക് അധൃഷ്യവുമാണ്.

ജ്ഞാനയോഗിയുടെ മനനത്തിനുള്ള ഒരു ദിഗ്ദർശനമാണ് ഇതുകൊണ്ടു സാധിച്ചിട്ടുള്ളത്. അതിനാൽ ജിജ്ഞാസുക്കളല്ലാത്തവർക്ക് ഇതിൽ പ്രവേശിക്കാനധികാരമില്ല. അതാണ് ആദ്യശ്ലോകംകൊണ്ടു കാണിച്ചിരിക്കുന്നത്. അനധികാരികൾ ഇതിൽ കടന്നാൽ പാപമൊന്നുമില്ല; എന്നാൽ പരമഫലം അവർക്കു ലഭിക്കയില്ലെന്നത് അസന്ദിഗ്ദ്ധമാണ്. പ്രസ്ഥാനത്രയം സാധനചതുഷ്ടയസമ്പന്നരല്ലാത്തവർ കൈകാര്യം ചെയ്യുന്നതിൻെറ ഫലം ഈ വിധം കണ്ടു കൊള്ളേണ്ടതാകുന്നു.

ഭഗവത്പാദർ സ്വസിദ്ധാന്തം തന്നെയാണ് പ്രസ്ഥാനത്രയത്തിലന്തർഭവിച്ചിട്ടുള്ളത് എന്നു സ്ഥാപിക്കാനാണു ഭാഷ്യങ്ങൾ എഴുതിയിട്ടുള്ളത്. അതുകൊണ്ടു ചിലേടത്തെല്ലാം 'ടെക്സ്ററ് ടോർച്ചറിങ്ങ്' (Text torturing) എന്ന് ആധുനികന്മാർ പറയുന്ന വ്യാഖ്യാനരീതി കൈക്കൊള്ളേണ്ടിവന്നിട്ടുള്ളതു സ്വാഭാവികമാകുന്നു. എന്നാൽ സ്വതന്ത്രനിബന്ധങ്ങളിൽ ഈ ക്ലേശത്തിൻെറ ആവശ്യം വന്നിട്ടില്ല. അതിനാൽ ഭാഷ്യങ്ങളെക്കാൾ

അദ്വൈതസിദ്ധാന്തം തെളിഞ്ഞുകാണ്മാൻ സ്വതന്ത്രനിബന്ധങ്ങളെയാണ് ആശ്രയിക്കേണ്ടത്.

ഈ കിളിപ്പാട്ടു മൂലവുമായി വച്ചു സശ്രദ്ധം വായിച്ചു. ശ്ലോകങ്ങളുടെ താത്പര്യാർത്ഥത്തിനു ന്യൂനാധിക്യം കൂടാതെ ഭാഷയിലേക്കു പകരുകയാണു ശ്രീകൃഷ്ണാനന്ദജി ചെയ്തിരിയ്ക്കുന്നത്. ആദ്ധ്യാത്മികനിബന്ധങ്ങൾ കിളിപ്പാട്ടു വൃത്തത്തിൽ വായിക്കാനാണു കേരളീയർക്കു താത്പര്യം. അതാണ് അവർ പരിചയിച്ചിട്ടുള്ളത്. അതിലേക്കുള്ള ശ്രീ കൃഷ്ണാനന്ദജിയുടെ യത്നം അത്യന്തം വിജയിച്ചിട്ടുണ്ടെന്ന് ഒററനോട്ടത്തിൽ തന്നെ തെളിഞ്ഞു കാണാവുന്നതാണ്. ഒരു തർജ്ജമയാണിതെന്നു തോന്നിക്കാത്തവണ്ണം വൈദർഭീരീതിയിൽ അദ്ദേഹം വിവർത്തനം ചെയ്തിരിയ്ക്കുന്നു. ഒരു വിശേഷത കിളിപ്പാട്ടിനുള്ളതു പ്രത്യേകം കാണാം. അതു ഗ്രന്ഥത്തിൻെറ പ്രാരംഭത്തിലുള്ള മംഗളാചരണവും ഒടുവിലത്തെ സമാപനവുമാകുന്നു. സ്വതന്ത്രനായി പ്രത്യക്ഷീഭവിയ്ക്കാൻ തർജ്ജമക്കാരനിടംകിട്ടിയിട്ടുള്ള ഈ രണ്ടു രംഗങ്ങളിൽ തർജ്ജമയുടെ കർത്താവു തൻെറ അനന്യസാധാരണമായ വ്യക്തിമുദ്ര പതിച്ചിരിയ്ക്കുന്നു.

ആത്മബോധമുണ്ടാക്കാനായിട്ടുള്ള ഏതുയത്നവും ജ്ഞാനയജ്ഞമാണല്ലൊ. അതു സർവ്വാനുഗ്രാഹകമാണ്. ആ വ്യവസായത്തിൽ ഇങ്ങനെയെങ്കിലും ഒരു സഹയോഗിയാകാനിടകിട്ടിയ ഈ ലേഖകനും സ്വാത്മാവിൻെറ ധന്യതയിൽ ആമോദിയ്ക്കുന്നു.

ലോകാസ്സമസ്താഃ സുഖിനോ ഭവന്തു

പരമാനന്ദഭാരതി

(വേദമഹോപാധ്യായ, ശിരോമണി)

21—4—1961.

ആമുഖം

ശ്രീശങ്കരഭഗവത്പൂജ്യപാദാചാൎയ്യരുടെ കൃതികളിൽ എല്ലാംകൊണ്ടും പ്രഥമഗണനനീയമായ ഗ്രന്ഥം ആത്മബോധമെന്ന ഈ ലഘുനിബന്ധമാണ്. കഴിഞ്ഞ രണ്ടു നൂററാണ്ടുകളിലായി പാശ്ചാത്യപണ്ഡിതന്മാൎക്കിടയിൽ, ഭാരതത്തിന്റെ ആത്മസത്തയെപ്പററി അതിരററ ബഹുമാനവും അതിന്റെ സൂക്ഷ്മാംശത്തെ ആരാഞ്ഞറിയുവാനുള്ള അത്യാകാംക്ഷയും ജനിപ്പിച്ചതു ശ്രീശങ്കരന്റെ കേവലാദ്വൈതദൎശനമല്ലാതെ മറെറാന്നുമല്ല.

സ്വപ്രഭാവത്താൽ ജഗദ്ഗുരുവെന്ന് അന്വൎത്ഥനാമാവായിത്തീൎന്ന ആ മഹാപുരുഷൻ, പതിനൊന്നു നൂററാണ്ടുകൾക്കുമുമ്പ് ഈ ഭാരതഭൂമിയിൽ ആത്മവിദ്യാപ്രദായകമായ ഒരു വിജ്ഞാനവൃക്ഷത്തെ നട്ടുവളൎത്തി.

ഉപനിഷത്തുകളാകുന്ന ബീജത്തിൽനിന്നു മുളച്ചുണ്ടായ പ്രസ്ഥാനത്രയഭാഷ്യമാകുന്ന അതിന്റെ തായ്ത്തടിയിൽ നിന്നു പൊട്ടിപ്പുറപ്പെട്ടു ചുററും പടൎന്നുപിടിച്ചു, വിവേകചൂഡാമണി, സൎവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം, ഉപദേശസാഹസ്രി, പ്രശ്നോത്തരരത്നമാലാ, വാക്യവൃത്തി, ആത്മബോധം എന്നിങ്ങനെയുള്ള അനേകം ശാഖോപശാഖകളും; ദക്ഷിണാമൂൎത്ത്യഷ്ടകം, മനീഷാപഞ്ചകം, യതിപഞ്ചകം, നിൎവ്വാണാഷ്ടകം, ഭജഗോവിന്ദം, ബ്രഹ്മജ്ഞാനാവലീമാലാ, പഞ്ചീകരണം എന്നിങ്ങനെ ഇടതിങ്ങി തളിൎത്തുനില്ക്കുന്ന പത്രപംക്തികളും ചേൎന്നു തഴച്ചു, പന്തലിച്ചു, ലോകമെങ്ങും വ്യാപിച്ചു നിഴൽവീശി നില്ക്കുന്ന ആ വിജ്ഞാനമഹാവൃക്ഷം ഇന്ന് ഈ വിശ്വത്തോളം തന്നെ വലുപ്പത്തിൽ വളൎന്നുനില്ക്കുകയാണ്. ആധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നീ താപത്രയങ്ങളാൽ അപഹൃഷ്ടരായി മൃത്യുവക്ത്രത്തിലേക്കു

പാഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യവര്ഗ്ഗത്തിനു്, ഏകവും പരമവുമായ അഭയകേന്ദ്രം ആ തരുച്ഛായതന്നെയാണു്. താപാര്ത്തനായി വിലപിക്കുന്ന ശിശുവിനെ, സ്വമാതാവു വാത്സല്യപൂര്വ്വം അണച്ചാശ്ലേഷിച്ചു സ്തന്യാമൃതം നല്കി താപവിമുക്തനാക്കുന്നു. എന്നതുപോലെ, ആചാര്യ ശങ്കരന് നട്ടുവളര്ത്തിയ ഈ വിജ്ഞാനമഹാവൃക്ഷവും, താപത്രയസന്തപ്തരായ ജിജ്ഞാസുക്കളെ മൃത്യുവക്ത്രത്തില് നിന്നു വീണ്ടെടുത്തു തന്റെ ശീതളച്ഛായയില് വിശ്രമി പ്പിച്ചു ബോധാമൃതം നല്കി താപത്രയവിമുക്തരാക്കി നിര്വൃതിയേകുന്നു.

ആത്മവിദ്യയെപ്പററി കേവലം അജ്ഞരും ലൌകിക ഭോഗങ്ങളില് മാത്രം ആസക്തചിത്തരും കര്മ്മഠന്മാരു മായിരുന്ന മീമാംസകന്മാര്* തങ്ങളുടെ യാഗങ്ങളെയും കൊണ്ടു ആദ്യമായി ഭാരതഭൂവില് കാലുകുത്തിക്കഴി ഞ്ഞിട്ടു് ഇപ്പോഴേക്കു അമ്പതറുപതു നൂററാണ്ടുകളോളം കഴി ഞ്ഞിരിക്കുന്നു. ആ കാലങ്ങളേക്കും എത്രയോ മുമ്പു തന്നെ, മാനവസമുദായത്തിനു് ആത്മബോധത്തെ പ്രദാനം ചെയ്തുകൊണ്ടു്, ഈ ഭാരതത്തില് നിലനിന്നു വന്ന അതേ വിജ്ഞാനമഹാവൃക്ഷത്തിന്റെ ബീജത്തെത്ത ന്നെയാണു് ആചാര്യശങ്കരനും തേടിയെടുത്തു നട്ടുമുളപ്പിച്ചു വളര്ത്തിയതു്. ആര്യന്മാരാല് അന്നു ദസ്യുക്കളെന്നു് ആക്ഷേപിച്ചു വിളിക്കപ്പെട്ടുവന്നിരുന്നവരും, ലോകനാഗ രികതയുടെ ഉച്ചകോടിയില് സ്ഥിതിചെയ്തിരുന്നവരും സിന്ധുതടനാഗരികതയുടെ ഉത്പാദകരുമായിരുന്ന അന്നത്തെ ഭാരതീയജനതയുടെയിടയില് പരമ്പരാഗത മായി നിലനിന്നു വന്ന ഉപനിഷത്തുകളിലാണു്, ഈ വിജ്ഞാനമഹാവൃക്ഷത്തിന്റെ ബീജങ്ങളടങ്ങിയിരു ന്നതു്.

ഉപനിഷത്തുകളെന്നു പറയുമ്പോഴ് അക്ബറുടെ കാലത്തു ആ മഹമ്മദീയസമ്രാട്ടിനെ കബളിപ്പിച്ചു കാര്യം കാണുന്നതിലേക്കു വൈദികന്മാര് എഴുതി പ്രചരി പ്പിച്ച 'അല്ലോപനിഷത്ത്' ഉള്പ്പെടെ ഉപനിഷത്തുക

* ഹിംസാപൂര്വ്വമായ യജ്ഞാദികളാചരിച്ചുവരുന്നവര്.

ളെന്ന പേരിൽ ഇപ്പോൾ പ്രചരിച്ചുവരുന്ന സാഹിത്യങ്ങളിൽ കലൎന്നു നില്ക്കുന്ന എല്ലാ വ്യാജകൃതികളേയും നാം പരിഗണനയിലെടുക്കേണ്ടിയിരിക്കുന്നു.

ഇവയിൽ പ്രാചീനങ്ങളായ യഥാൎത്ഥ കൃതികളേവയെന്നും അൎവ്വാചീനങ്ങളായ വ്യാജകൃതികളേവയെന്നും ചികഞ്ഞുനോക്കി കണ്ടുപിടിക്കുന്ന കാര്യം ദുസ്സാധമാണു്. ഈ നിലയിൽ ശങ്കരാചാര്യർ സ്വീകരിച്ച ഉപനിഷത്തുകളെ മാത്രം അംഗീകരിക്കുക എന്ന ഏകമാൎഗ്ഗമേ നമ്മുടെ മുമ്പിൽ ഇപ്പോൾ തുറന്നുനിൽപ്പുള്ളു. അവയിൽത്തന്നെ പിൽക്കാലത്തു പല പ്രക്ഷിപ്തങ്ങളും കടന്നുകൂടിയിരിക്കുവാനിടയുണ്ടു്.

ആര്യന്മാർ ഇവിടെ പ്രവേശിച്ചു് ഒന്നു രണ്ടു സഹസ്രാബ്ദങ്ങൾക്കകം, ജ്യോതിഷ്ടോമം, ഐകാഹികമഹാവ്രതം, അശ്വമേധം, പുരുഷമേധം എന്നിങ്ങനെയുള്ള ഹിംസാഭൂയിഷ്ഠവും സദാചാരവിരുദ്ധവുമായ യാഗാദികൎമ്മങ്ങളുടെ അനുഷ്ഠാനരീതിയെ അവർ ഭാരതഭൂമിയിൽ വിപുലമായ തോതിൽ വേരുറപ്പിച്ചുനിൎത്തി. അങ്ങിനെ അവർ ഭാരതീയജനതയെ ധാൎമ്മികാധഃപതനത്തിൻെറ നെല്ലിപ്പലകയിൽ ഇറക്കിക്കൊണ്ടു ചെന്നു മുട്ടിച്ചു.

ഈവക കൎമ്മവിധാനങ്ങളെ സ്ഥായിയായി നിലനിൎത്തുന്നതിലേക്കു് ആര്യഗോത്രങ്ങൾ പാൎത്തുവന്നിരുന്ന ഓരോ കേന്ദ്രത്തിലും ഓരോരോ 'മഹാശാല'യും അവർ സ്ഥാപിച്ചു. ആര്യന്മാർ തങ്ങളുടെ യാഗാദികൎമ്മാനുഷ്ഠാനങ്ങളെയും സാമൂഹിക സാംസ്കാരിക പുരോഗതികളേയും സംരക്ഷിച്ചു നിലനിൎത്തിവന്നിരുന്നതു് ഇത്തരം മഹാശാലകൾ മുഖേനയാണു്.

ഈ വക ദൂഷിച്ച വിശ്വാസാനുഷ്ഠാനങ്ങൾ കണ്ടു മനം മടുത്ത ഇവിടുത്തെ ചില നാടുവാഴികൾ, അന്നിവിടെ നിലനിന്നിരുന്ന ഉപനിഷത്തുകളുടെ അടിസ്ഥാനത്തിൽ, ബഹുജനങ്ങളുടെയിടയിൽ ആത്മവിദ്യയെ വഴിയാംവണ്ണം പ്രചരിപ്പിക്കുന്നതിലേക്കു ബി. സി. പതിനഞ്ചാം

നൂററാണ്ടോടുകൂടി പരിഷത്തുകളെന്ന ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചു.*

ഇതിൻെറ ഉപജ്ഞാതാവു പാഞ്ചാലന്മാരുടെ രാജാവായിരുന്ന പ്രവാഹണനായിരുന്നു. അദ്ദേഹത്തെ അനുകരിച്ചുകൊണ്ടു കേകയരാജാവായ അശ്വപതി, കാശിരാജാവായ അജാതശത്രു, വിദേഹരാജാവായ ജനകൻ എന്നീ നാടുവാഴികൾ ഓരോ പരിഷത്തു നടത്തുവാൻ തുടങ്ങി.

ഇവക്കു പുറമേ, ആര്യവർഗ്ഗത്തിൽതന്നെ ഉൾപ്പെട്ട, അരുണവംശജനായ ഗൌതമനും അദ്ദേഹത്തിൻെറ മകനായ ശ്വേതകേതുവും ചേന്നു മറെറാരു പരിഷത്തുകൂടി നടത്തുവാനാരംഭിച്ചു. പ്രവാഹണൻെറ ശിഷ്യത്വം സ്വീകരിച്ചു ഈ രണ്ടു മഹാന്മാരും തങ്ങളുടെ പാരമ്പര്യമായിരുന്ന ആര്യമാർഗ്ഗത്തിൽനിന്നു നിശ്ശേഷം പിന്മാറി. ആര്യരീതിയിലുള്ള തങ്ങളുടെ മഹാശാലയെ അവർ ഉപനിഷദടിസ്ഥാനത്തിലുള്ള പരിഷത്താക്കി മാററി. ഈ പരിഷത്തു ഏറെക്കുറെ മുങ്ങിയും പൊങ്ങിയും ശ്രീബുദ്ധൻെറ കാലംവരെയ്ക്കും ചെന്നെത്തിയതായി പറയാവുന്നതാണ്. പരിഷത്തുകളുടെ ആരംഭകാലംവരെയ്ക്കും ബ്രാഹ്മണവർഗ്ഗത്തിലാക്കും തന്നെ ആത്മവിദ്യയുമായി യാതൊരുവിധബന്ധവുമുണ്ടായിരുന്നില്ലെന്നുള്ളതിലേക്കുള്ള തെളിവുകൾ ഉപനിഷത്തിൽത്തന്നെ വേണ്ടുവോളമുണ്ട്.

സ്വാഭാവികഗതിയിൽ തന്നെ കാലചക്രം മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. അററമില്ലാത്ത സംഭവപരമ്പരകളെ മറികടന്നു ആയിരം വർഷങ്ങൾ പിന്നിട്ടു കാലം പാഞ്ഞുചെന്നു മറഞ്ഞു. ആരംഭിക്കപ്പെട്ടവയെല്ലാം തന്നെ, കാലചക്രത്തിൻെറ ആരക്കാലുകൾക്കിടയിൽ കുടുങ്ങി മേലും കീഴമായി മാറിമാറി വന്നും പോയും കൊണ്ടിരുന്നു.

ഉപനിഷദടിസ്ഥാനത്തിലുള്ള ആത്മവിദ്യ, ബി. സി. അഞ്ചാം നൂററാണ്ടോടുകൂടി, കപിലവസ്തുവിൽ

* ഇവിടെ കാലനിർണ്ണയം ചെയ്യപ്പെട്ടത് അക്ഷയകുമാരമജുംദാരുടെ പ്രാചീന ഹൈന്ദവചരിത്രത്തെ ആശ്രയിച്ചാണ്.

പിറന്ന തഥാഗതൻെറ നാമത്തിൽ ബുദ്ധമതമെന്ന മറെറാരു രൂപമെടുത്തുകൊണ്ടു വീണ്ടും ഭാരതഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. ആയിരം വൎഷത്തിനു മേൽ ആ മതം പരിപൂൎണ്ണമായ തോതിൽതന്നെ ഇവിടെ പ്രചരിച്ചുവന്നു. ആ മതത്തേയും കടൽ കടത്തിവിട്ടുകൊണ്ടു വൈദികന്മാർ വീണ്ടും തങ്ങളുടെ യാഗാദികൎമ്മങ്ങളെ പിടിച്ചെഴുന്നേല്പിച്ച് ഉയൎത്തിനിൎത്തി.

ഈ ഘട്ടത്തിലാണു കേരളത്തിലുള്ള കാലടി ദേശത്തിൽ ക്രിസ്തബ്ദം 788-ൽ ജന്മമെടുത്തു കേവലം മുപ്പത്തിരണ്ടു വൎഷങ്ങൾ മാത്രം ജീവിച്ചിരുന്ന ശങ്കരൻ മുമ്പോട്ടുവന്നത്. യുക്തിയാകുന്ന മത്തനത്താൽ വൈദികമതത്തെ കടപുഴക്കി തറപററിച്ചുകൊണ്ടു വീണ്ടും അദ്ദേഹം ഉപനിഷദടിസ്ഥാനത്തിലുള്ള അതേ ആത്മവിദ്യയെ, കേവലാദ്വൈതദൎശനമെന്ന മറെറാരു പുതിയരൂപം നല്കിക്കൊണ്ടു ലോകസമക്ഷം അവതരിപ്പിച്ചു.

വൈദികമതത്തെ പരാജയപ്പെടുത്തി നിഷേധിച്ച കാരണത്താൽ നമ്പൂതിരിവൈദികന്മാർ, ശ്രീശങ്കരനെ, അദ്ദേഹത്തിൻെറ മാതാവിൽ വ്യഭിചാരദോഷമാരോപിച്ചുകൊണ്ടു ഭ്രഷ്ടനാക്കി സമുദായത്തിൽനിന്നു പുറംതള്ളി. പിൽക്കാലം ദക്ഷിണഭാരതത്തിലെ മതാചാര്യന്മാരായിത്തീൎന്ന രാമാനുജൻ, മധ്വൻ എന്നിവരെല്ലാം, വേഷംമാറിവന്ന ബുദ്ധനാണെന്നു പറഞ്ഞു ശങ്കരാചാര്യരെ അധിക്ഷേപിച്ചു. അദ്ദേഹത്തിൻെറ കേവലാദ്വൈതമതദൎശനത്തിനു ഭ്രഷ്ടുകല്പിക്കുവാൻതന്നെ ഈ വകക്കാർ മുതിൎന്നു. എന്നാൽ അതൊന്നും ഫലിച്ചില്ല.

ഇത്രയെല്ലാമായിട്ടും ശ്രീശങ്കരാചാര്യരുടെ താഡനമേററു നട്ടെല്ലൊടിഞ്ഞു നിലംപതിച്ച വൈദികമതത്തിൻെറ ഒടിഞ്ഞ നട്ടെല്ലിനെ വീണ്ടും നിവൎത്തിനിൎത്തുവാൻ ഇവരിലാൎക്കുംതന്നെ സാധിച്ചില്ല.

ഈ ലോകത്തിൽ വസ്തുനിഷ്ഠമായും ആത്മനിഷ്ഠമായും പ്രകടമായിക്കാണപ്പെടുന്ന ഭിന്നത ഒരു നാണയത്തിൻെറ രണ്ടു വശങ്ങൾ മാത്രമാണെന്നുള്ള നിത്യസത്യത്തെ ശ്രീശങ്കരാചാൎയ്യർ യുക്തിയാകുന്ന അഷ്ടബന്ധമിട്ടുറപ്പിച്ചു

നിത്തി. ഈ സിദ്ധാന്തത്തെ ആസ്പദമാക്കി കേവലാദ്വൈതമെന്ന പേരിൽ പ്രചരിക്കപ്പെട്ട, അദ്ദേഹത്തിൻെറ ദശ്നത്തെ പൊളിച്ചുകാട്ടുവാൻ സാധ്യമല്ലെന്നു വൈദികന്മാക്കു തികച്ചും ബോദ്ധ്യമായി. അവർ അതിലേക്കൊരു പുതിയ പോംവഴി കണ്ടുപിടിച്ചു. ഏറക്കുറെ ശാങ്കരസിദ്ധാന്തത്തെ തങ്ങഠം സ്വയം അനുകൂലിക്കുന്നതായി നടിച്ചുകൊണ്ടു, ബുദ്ധമതത്തെ നശിപ്പിച്ചു വൈദികമതത്തേയും അതിൻെറ പ്രാണവായുവായി നിലക്കൊള്ളുന്ന ചാതുവ്വ്ണ്യവ്യവസ്ഥിതിയേയും പുനഃസ്ഥാപിക്കുന്നതിലേക്കു് അവതാരമെടുത്തുവന്ന സാക്ഷാൽ പരമശിവനാണു ശ്രീശങ്കരാചര്യർ എന്നുതന്നെ ചങ്കുററത്തോടു കൂടി അവരിൽ ചിലർ ലോകസമക്ഷം പ്രഖ്യാപിച്ചു. ഈ അടിസ്ഥാനത്തിൽ ശങ്കരചരിതങ്ങളും പുരാണങ്ങളും വിവിധ സാഹിത്യങ്ങളും സ്തോത്രങ്ങളും അവർ രചിച്ചുവിട്ടു*.

ബ്രഹ്മസൂത്രത്തിൻെറ ശങ്കരഭാഷ്യത്തിൽ കാണുന്ന അപശൂദ്രാധികരണമുഠംപ്പെടെ പലതും ഛാന്ദോഗ്യശങ്കരഭാഷ്യത്തിൽ കാണുന്ന ജാനശ്രുതികഥ, സത്യകാമജാബാലകഥ എന്നിവയുടെ സത്യാംശങ്ങളെ മാററിമറിച്ചുകൊണ്ടെഴുതിച്ചേത്ത ദുർവ്യാഖ്യാനങ്ങളുഠംപ്പെടെ പലതും ബോധപൂവ്വ്വം ആവുന്നേടത്തോളം തന്മയത്വമായും അതതു ഗ്രന്ഥങ്ങളിൽ യഥാസ്ഥാനങ്ങളിൽ എഴുതിച്ചേത്തുകൊണ്ടു് അവർ ശ്രീശങ്കരൻെറ പരിശുദ്ധമായ സാക്ഷാൽ കേവലാദ്വൈതമതദശ്നത്തെ വിഷമയമാക്കിത്തീത്തു. ഇപ്പോഠം ഭാരതത്തിൽ, ഹിന്ദുമതാന്തഗ്ഗതങ്ങളെന്ന നിലയിൽ നമ്മുടെ മുമ്പിൽ നിലക്കൊള്ളുന്ന രണ്ടു മുഖ്യദശ്നങ്ങളിൽ ഒന്നു, ശ്രീശങ്കരൻെറ യുക്ത്യാഘാതമേററു നട്ടെല്ലൊടിഞ്ഞു നിലംപതിച്ച വൈദികദശ്നവും മറേറതു വൈദികന്മാ

---

* ശ്രീശങ്കരൻ ഖണ്ഡിച്ചതു ബുദ്ധമതത്തിൻെറ ഹീനയാനത്തെയല്ല, അതിനുശേഷമുണ്ടായ മഹായാനത്തെയാണ് എന്നു പദ്മപാദൻെറ 'പഞ്ചപാദിക'യിൽനിന്നു വെളിപ്പെടുന്നതായി ശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ കേരളസാഹിത്യ ചരിത്രത്തിൽ പറഞ്ഞ ഭാഗം ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

രുടെ വിഷലേപനത്താൽ ദൂഷിച്ചുപോയ കേവലാദ്വൈത ദർശനവുമാണ്.

ഇതിനെല്ലാം പരമായി ഇവ രണ്ടും ഒരു തത്വത്തിൽ നിന്നു വികസിച്ചുവന്ന രണ്ടു ശാഖകളാണെന്നുള്ള യുക്തി ഹീനമായ അത്ഭുതവാദത്തേയും യാതൊരു സങ്കോചവും കൂടാതെ വൈദികന്മാർ ബഹുജനങ്ങളുടെ മുമ്പിൽ ബോധ പൂർവ്വം സൃഷ്ടിച്ചു പ്രചരിപ്പിച്ചു. ഇപ്പോഴും ഈ നിരർത്ഥക വാദത്തെ വൈദികന്മാരും അവരുടെ സ്വനഗ്രാഹികളും ഏററുപറഞ്ഞു പരത്തിക്കൊണ്ടുതന്നെ നടക്കുകയാണ്.

പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യത്തിൽ, ഭാരത ത്തിൻെറ അഭിമാനസ്തംഭമെന്നനിലയിൽ വിശ്വമെങ്ങും പ്രശോഭിച്ച യതിസമ്രാട്ടും പണ്ഡിതാഗ്രണിയുമായ ശ്രീ വിവേകാനന്ദസ്വാമികൾ വംഗദേശത്തുള്ള കായസ്ഥ വംശത്തിൽ പിറന്നു. ശ്രീശങ്കരൻെറ കാലം കഴിഞ്ഞു തികച്ചും ഒരായിരം വർഷം കഴിഞ്ഞാണു ശ്രീ വിവേകാ നന്ദസ്വാമികൾ ഭാരതത്തിൽ ജന്മമെടുത്തത്.

അദ്ദേഹവും ശ്രീ ശങ്കരനെപ്പോലെതന്നെ ഉപനിഷ ത്തുകളെ ഉച്ചത്തിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു, യുക്തിയാ കുന്ന ഖഡ്ഗത്താൽ വൈദികമതത്തിൻെറ അടിസ്ഥാന ഗ്രന്ഥങ്ങളെയെല്ലാം വെട്ടിവീഴ്ത്തി. വൈദികന്മാർ തങ്ങ ളുടെ പഴകിത്തുരുമ്പിച്ച സ്മൃതിപുരാണാദികളെയെല്ലാം എടുത്തുകാട്ടി അദ്ദേഹത്തെ ഭയപ്പെടുത്തുവാൻ ശ്രമിച്ചു. ഹിമാലയത്തിൻെറ ശിഖരത്തിലിരുന്നുകൊണ്ട് ആ പരി വ്രാജകകേസരി ഒന്നു ഗർജ്ജിച്ചപ്പോൾ ആസേതുകൈ ലാസമുള്ള വൈദികജംബുകങ്ങൾ തങ്ങളുടെ മാളങ്ങ ളിൽ കയറിയൊളിച്ചു. ആചാര്യശങ്കരൻെറ കേവലാ ദ്വൈതദർശനത്തിൽ വൈദികന്മാർ ലേപനംചെയ്ത വിഷാംശത്തെ കുറെയൊക്കെ അദ്ദേഹം കഴുകിക്കളഞ്ഞു അതിനെ ശുദ്ധീകരിച്ചു.

പത്തൊമ്പതാം നൂററാണ്ടിൻെറ മധ്യകാലത്തോടു കൂടിത്തന്നെ, മഹാത്മാരായ ചില യതികൾ കേരള ത്തിലും പ്രത്യക്ഷപ്പെട്ടു. കേരളീയരുടെയിടയിൽ ഇന്നും സുപരിചിതരും ആരാധ്യരുമായ ശ്രീ ചട്ടമ്പിസ്വാമി

കരം, ശ്രീനാരായണഗുരുസ്വാമികരം, ബ്രഹ്മാനന്ദശിവ യോഗി സ്വാമികരം, ശ്രീ മണ്ണൂർ രാമാനന്ദസ്വാമികരം എന്നീ മഹാത്മാക്കളാണവർ. ഇവരെല്ലാം ഒരുപോലെ അതിശക്തിയോടുകൂടി വൈദികമതത്തെ എതിക്കുകയും വൈദികദശ്നത്തിൻെറ അടിസ്ഥാനതത്വങ്ങളായ യാഗാദികമ്മങ്ങളെയും ചാതുവ്വർണ്യവ്യവസ്ഥിതിയെയും വെട്ടിപ്പൊളിച്ച് അതിൻെറ പൊള്ളത്തരം ബഹുജനങ്ങളുടെ മുമ്പിൽ തുറന്ന കാട്ടുകയും ചെയ്യു. ഈ വക എല്ലാ വസ്തുതകളേയും നാം പരിഗണനയിലെടുക്കേണ്ടതാണ്.

ആത്മബോധത്തിൻെറ കത്താവായ ശ്രീ ശങ്കരഭഗവത്പാദാചാര്യരെപ്പററി കേരളീയരായ നമ്പൂതിരിമാരും അല്ലാത്തവരും പുറപ്പെടുവിച്ച രണ്ടുതരം അഭിപ്രായങ്ങരം ഇവിടെ പകത്തുന്നതു വായനക്കാരിൽ ആവശ്യമുള്ളവക്ക് ഈ കാര്യത്തെപ്പററി ഒരു തീരുമാനത്തിലെത്തുന്നതിനു സഹായകരമായിരിക്കുമെന്നു ഞാൻ കരുതുന്നു.

നമ്പൂതിരിമാർ ശങ്കരാചാര്യരെപ്പററി ഈ വിധത്തിലാണു പറഞ്ഞിട്ടുള്ളതു്.

''ഒരു ബ്രാഹ്മണ സ്ത്രീക്കു് അടുക്കളദോഷമുണ്ടായതിൻെറ ശേഷം ആ സ്ത്രീയെ പുറത്താക്കിയിരുന്നവാറെ, അവർ പെററുണ്ടായ പുത്രൻ ശങ്കരാചാര്യർ[1]'' ''ഒരു ബ്രാഹ്മണസ്ത്രീക്ക് അടുക്കളദോഷമുണ്ടായതിൻെറ ശേഷം അവളെ പുറം നീക്കി വെച്ചവാറെ, അവരം പെററുണ്ടായ പുത്രൻ ശങ്കരാചാര്യർ[2]'' ''ശ്രീശങ്കരാചാര്യക്കു വിജ്ഞാനംകൊണ്ടു വിദ്യകളും പഠിച്ചു മഹാദിവ്യനായിരിക്കും കാലം അവൻെറ അമ്മ മരിച്ചവാറെ, ആ ഊഴത്തിൽ ബ്രാഹ്മണർ എത്താഴ്കകൊണ്ടു തന്നത്താൻ ഗൃഹത്തിൽ മേലേരി കൂട്ടി ഹോമിച്ചു ദഹിപ്പിച്ചിരിയ്ക്കുന്നു.''[3] രണ്ടു നൂററാ

1 കേരള ഗവ. ഓറി. മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി നമ്പർ 335 കേരളോല്പത്തി.

2 കേരള ഗവ. ഓറി. മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി നമ്പർ 337 കേരളോല്പത്തി

3 കേരള ഗവ. ഓറി. മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി നമ്പർ 337 കേരളോല്പത്തി

ണ്ടുകാംക്കിപ്പുറം എഴുതപ്പെട്ട കേരളോത്പത്തികളിലും കൂടി, നമ്പൂതിരിമാക്കു ശങ്കരാചാര്യരെപ്പററി പറയുവാനുണ്ടായിരുന്ന കഥ മേലുദ്ധരിക്കപ്പെട്ട തരത്തിലുള്ളതാണു്.

ഇന്നത്തെ മാറിവന്ന പരിതസ്ഥിതിവെച്ചുകൊണ്ടു നമ്പൂതിരിമാർ ശങ്കാരാചാര്യരെ ചൊല്ലി എന്തെല്ലാം സ്വജാതിക്കൂററായ്മകളഭിനയിച്ചാലും, നമ്പൂതിരിമാരും ശങ്കരാചര്യരും തമ്മിലുണ്ടായിരുന്ന കൈപ്പുനിറഞ്ഞ ശത്രുതയുടെ യഥാത്ഥവശം ''കേരളോത്പത്തികാം'' നൂററാണ്ടുകാംക്കു മുമ്പുതന്നെ രേഖപ്പെടുത്തിവെച്ചു കഴിഞ്ഞിരിയ്ക്കുന്നു.

ഒരു ശതാബ്ദത്തിനിപ്പുറം കേരളത്തിലുണ്ടായിരുന്ന പ്രതിഭാശാലികളുടേയും ധിഷണാസമ്പരുടേയും ഇടയിൽ ഒരു പ്രമുഖ സ്ഥാനത്തെ അലങ്കരിക്കുവാൻ സവ്വഥാ അഹ്നായ സർ. സി. ശങ്കരൻനായർ തൻെറ ആത്മകഥയിൽ ഈ കാര്യത്തെപ്പററി ഇങ്ങിനെയാണു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. ['മാതൃഭൂമി വാരിക'കളിൽനിന്നു്]

''ശ്രീ ശങ്കരാചാര്യരുടെ കാലത്തെ നമ്പൂതിരിമാർ അദ്ദേഹത്തിനു ഭ്രഷ്ടു കല്പിയ്ക്കുകയാണു ചെയ്യുതു്.

''ശ്രീ ശങ്കരാചാര്യർ തൻെറ അമ്മയുടെ അന്ത്യകമ്മങ്ങാം അനുഷ്ഠിച്ച കാലടിഗ്രാമം കുറച്ചു മുമ്പുവരെക്കൂടി അവഗണിക്കപ്പെട്ടു, പൂപ്പും പുല്ലും നിറഞ്ഞുകിടക്കുകയായിരുന്നു. ഇയ്യിടയിൽ മൈസൂർ ദിവാനായിരുന്ന ശേഷാദ്രി അയ്യരുടെ കാലത്താണു് ആ സ്ഥലത്തിൽ ശങ്കരൻെറ പ്രതിഷ്ഠയും മററും നടത്തിയതു്.''

''നമ്പൂതിരിയാകട്ടെ, അതിനെ ഇപ്പോഴും ബഹിഷ്കരിയ്ക്കുകയാണു്.'' ''ബുദ്ധമതപുരോഹിതന്മാരിൽനിന്നു് ആധ്യാത്മികപരിശീലനം നേടിയ ശങ്കരാചാര്യർ, ബ്രാഹ്മണരുടെ കമ്മകാണ്ഡത്തെ നശിപ്പിയ്ക്കുവാനാണു് ഉദ്ദേശിച്ചിരുന്നതു് എന്നതു് ഇതിൽനിന്നു അനുമാനിക്കാം.''

കേരളത്തിൻെറ ഇന്നത്തെ തലമുറയുടെ ഒരു പ്രശസ്തനേതാവായ ശ്രീ പുത്തേഴത്തു രാമൻ മേനോൻ തൻെറ

''ശങ്കരാചാര്യർ'' എന്ന ലഘു പുസ്തകത്തിൽ ശങ്കരാചാര്യരെപ്പററി ഇപ്രകാരമാണ് പറഞ്ഞിരിയ്ക്കുന്നത്:

''യാഗാദികർമ്മപദ്ധതികളിൽ ബദ്ധശ്രദ്ധന്മാരായും അന്യമായ ഏതുമാർഗ്ഗങ്ങളേയും അമർഷത്തോടും അസഹിഷ്ണുതയോടും വീക്ഷിച്ചും കൃത്രിമവും മിക്കവാറും സ്വാർത്ഥജടിലവുമായിരുന്ന ഒരു ഹ്രസ്വവൃത്തത്തിൽ വർത്തിച്ചുകൊണ്ടു, ജാതിമതവ്യത്യാസങ്ങളെക്കൊണ്ടു മറെറങ്ങും കേട്ടിട്ടില്ലാത്ത തീണ്ടൽക്കളി കളിപ്പിച്ചു ജന്മിമാരായും പുരോഹിതവർഗ്ഗക്കാരായും സുഖത്തിലും രസത്തിലും വിഹരിച്ചിരുന്ന അന്നത്തെ നമ്പൂതിരിബ്രാഹ്മണർക്കു ശ്രീശങ്കരൻ ആദ്യംതന്നെ ഒരു 'കീറാമുട്ടിപ്രശ്ന'മായിത്തീന്നതിൽ അത്ഭുതമില്ല. [ലഘുലേഖ. ഭാ. 4]

''ബൌദ്ധമതസിദ്ധാന്തങ്ങളുടെ അടിസ്ഥാനതത്വങ്ങളോടുള്ള ശ്രീശങ്കരൻെറ ആദരവും അവർ (നമ്പൂതിരിമാർ) എങ്ങിനെ സഹിയ്ക്കും? എങ്ങിനെ മറക്കും?'' [ശങ്കരാചാര്യർ ലഘുലേഖ ഭാ. 5]

''ബുദ്ധമതതത്വങ്ങരം യഥാർത്ഥത്തിൽ ഉപനിഷത്തത്വങ്ങളുടെ വിശദീകരണങ്ങരം മാത്രമാണെന്നു് അദ്ദേഹം [''ശ്രീശങ്കരൻെറ ഗുരുവിൻെറ ഗുരുവായ ഗൌഡപാദർ] മനസ്സിലാക്കിയിരുന്നു'' [ഭാ. 10.]

''മാണ്ഡൂക്യകാരിക നോക്കിയാൽ തന്നെ അറിയാം, ഗൌഡപാദർ ബുദ്ധമതതത്വങ്ങളെ എത്രയൊക്കെ എങ്ങിനെയൊക്കെ ആദരിക്കയും അനുസരിക്കയും ചെയ്തിട്ടുണ്ടെന്നു്. ഗൌഡപാദരുടെ ശിഷ്യപരമ്പരയിൽ ഉരംപ്പെട്ടിട്ടുള്ളതുകൊണ്ടു ശ്രീശങ്കരാചാര്യരുടെ ബ്രഹ്മസൂത്രഭാഷ്യം ബുദ്ധമതസിദ്ധാന്തങ്ങളുടെ സമ്പക്സുഖം അനുഭവിച്ചിട്ടുള്ളതാണെന്നാകുന്നു പണ്ഡിതമതം.'' [ഭാ 11.]

ബുദ്ധമതകുലാന്തകനായിരുന്നു ശങ്കരചാര്യർ എന്ന അഭിപ്രായത്തിന്നത്ര പ്രസക്തിയില്ലെന്നു സമ്മതിക്കാതെ തരമില്ല.''

[ഭാ. II അടിവര ആമുഖക്കാരൻെറതാണ്.]

സാവ്വലൌകിക നിലവാരത്തിലേക്കുയന്നുപോയിട്ടുള്ള പൌരസ്ത്യരും പാശ്ചാത്യരുമായ പല ചരിത്രപണ്ഡി

തന്മാരും ഈ വിഷയത്തെ പുരസ്സരിച്ച നിരൂപണം നട ത്തേണ്ടിവരുന്നേടങ്ങളിലെല്ലാം, തങ്ങളുടെ ചരിത്രഗ്രന്ഥ ങ്ങളിൽ ഇതേ തരത്തിലുള്ള അഭിപ്രായങ്ങളെത്തന്നെ യാണു് രേഖപ്പെടുത്തീട്ടുള്ളതു്.

ഇതുപോലുള്ള ഒരു ലഘുഗ്രന്ഥത്തിൻെറ ആമുഖത്തിൽ അതിഗഹനങ്ങളായ ഈവക വൻപ്രശ്നങ്ങളെ ഇതിലധികം വിപുലമായ തോതിൽ കൈകാര്യം ചെയ്യുവാൻ ശ്രമിക്കു ന്നതു കേവലം അനുചിതമായിത്തീരുന്നതാണു്. വസ്തുത കളുടെ യാഥാൎത്ഥ്യം ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്ന വായന ക്കാൎക്കും ചരിത്രവിദ്യാൎത്ഥികൾക്കും ഇത്രയും കാര്യങ്ങൾ പ്രയോജനപ്പെടുമെന്നു തന്നെ ഞാൻ കരുതുന്നു. ശ്രീശങ്കരൻെറ ഈ ആത്മബോധഗ്രന്ഥം, അതിൻെറ മഹ ത്വത്തെ പരിഗണിച്ചു് ഒന്നര ശതാബ്ദങ്ങൾക്കു മുമ്പുതന്നെ ഒരു ഫ്രഞ്ചുപണ്ഡിതനാൽ ഫ്രഞ്ചുഭാഷയിൽ വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. അതു കഴിഞ്ഞു് അര ശതാബ്ദത്തിന്നു ശേഷം മിസിസ്സ് മാന്നിങ്ങ് എന്ന ഒരു ആംഗ്ലേയവനിത അതു ഇംഗ്ലീഷുഭാഷയിലേക്കു തൎജ്ജമചെയ്തു. ആ തൎജ്ജമ അന്നത്തെ ഇംഗ്ലീഷു ഇസ്റ്റിന്ത്യാ കമ്പനി ഗവൎമ്മേണ്ടിൻെറ പ്രസിദ്ധീകരണവകുപ്പുകാർ ഉദ്ദേശം നൂറുവൎഷങ്ങൾക്കുമുമ്പു, അച്ചടിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തതാണു്.

ഇംഗ്ലീഷുഭാഷാവിജ്ഞാനമുള്ളവരുടെ അറിവിലേക്കും ഈ ലഘുനിബന്ധത്തെ പാശ്ചാത്യപണ്ഡിതന്മാർ എത്ര മാത്രം പ്രാധാന്യം കൊടുത്തു കൈകാര്യംചെയ്തിരുന്നു വെന്നു വായനക്കാർ അറിയുന്നതിലേക്കും വേണ്ടി, ആ പഴയ ഇംഗ്ലീഷുതൎജ്ജമയും ഈ പ്രസിദ്ധീകരണത്തിൻെറ അനുബന്ധമായി ചേൎത്തിട്ടുണ്ടു്.

ആത്മബോധമെന്ന ഈ വിശിഷ്ടമായ മനനശാ സ്ത്രത്തെ ബ്രഹ്മജ്ഞനും മഹാപണ്ഡിതനും യതിവര്യനു മായ ഇതിൻെറ അവതാരകൻ ചുരുക്കത്തിൽ വായന ക്കാൎക്കു ചരിചയപ്പെടുത്തിയല്ലൊ.

ശ്രീശങ്കരൻെറ കേവലാദ്വൈതദൎശനത്തിലേക്കു പ്രവേ ശിക്കുവാനാഗ്രഹിക്കുന്ന ജിജ്ഞാസുക്കൾക്കു് ആവശ്യമുള്ള

മുഖ്യസാങ്കേതിക തത്വങ്ങളെല്ലാം ഈ ചെറുഗ്രന്ഥത്തിൽ സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. വിവൎത്തവാദം, വിക്ഷേപരൂപം, ആവരണരൂപം, പഞ്ചീകരണം, ദേഹത്രയലക്ഷണം, പഞ്ചകോശവിവേകം, ശ്രവണമനനനിദിധ്യാസനാദിലക്ഷണങ്ങൾ, ബ്രഹ്മലക്ഷണം, മഹാവാക്യാനുഭൂതി എന്നിവയെല്ലാം ആവശ്യമുള്ളേടങ്ങളിൽ ദൃഷ്ടാന്തദാഷ്ടാന്തികബന്ധത്തോടുകൂടി പരമകാരുണികനായ ഗ്രന്ഥകാരൻ തന്റെ 'ആത്മബോധ'ത്തിൽ ക്രോഡീകരിച്ചിരിക്കുന്നു. സാധനചതുഷ്ടയസമ്പന്നരായ അധികാരികൾക്കെന്നപോലെ തന്നെ ആത്മവിദ്യയിലേക്കു പ്രവേശിക്കുവാനാഗ്രഹിക്കുന്ന പ്രാഥമികവിദ്യാൎത്ഥികൾക്കും ഈ ഗ്രന്ഥം പ്രയോജനപ്പെടുന്നതാണ്. ഈ ഗ്രന്ഥത്തിനു് അനേകം പാഠഭേദങ്ങൾ കാണ്മാനുണ്ട്. അവയിൽ കിട്ടിയേടത്തോളം കുറെയൊക്കെ ശേഖരിച്ച് അവടവിടെ പാദക്കുറിപ്പുകളായി കൊടുത്തിട്ടുണ്ട്.

പദ്യസംഖ്യകൾ കുറവാണെങ്കിലും, ഇത്രയും ഗഹനവും സാങ്കേതികമയവുമായ ഒരു ഗ്രന്ഥത്തെ, പദാനുപദം അൎത്ഥഭേദം വരുത്താതെ കിളിപ്പാട്ടാക്കി വിവൎത്തനം ചെയ്യുക എന്നതിലടങ്ങിയ ഗൌരവത്തെ തികച്ചും ഞാൻ ധരിച്ചിട്ടുണ്ട്. വിവൎത്തനത്തിൽ ഒട്ടുംതന്നെ ആശയവൈകല്യം വന്നു പോകരുതെന്ന അതിയായ അഭിവാഞ്ഛയെ മുൻനിൎത്തി കേരളത്തിൽ, പേരെടുത്ത സന്ന്യാസിമാരും ഗൃഹസ്ഥന്മാരുമായ പല പണ്ഡിതന്മാരേയും സമീപിച്ചു അവരെക്കൂടെയിരുത്തി മൂലഗ്രന്ഥവുമായി ഒത്തുനോക്കി, എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചുകൊണ്ടു അബദ്ധം വന്നു പോകാതിരിക്കാൻ, ഞാൻ ശ്രമിച്ചിട്ടുണ്ട്.

ഉപനിഷത്തുകളുടേയും ബ്രഹ്മസൂത്രത്തിന്റെയും ഒരു സാരാംശമാണ് 'ആത്മബോധം' എന്നു തന്നെ പറയാം. ഈ തൎജ്ജമയുടെ ടിപ്പണിയിൽ, ബ്രഹ്മസൂത്രത്തിന്റെശങ്കര, ഭാഷ്യത്തിൽനിന്നു് അവതമ്മിലുള്ള ബന്ധങ്ങളെ വ്യക്തമാക്കുന്നതരത്തിൽ ചില ഉദ്ധരണികൾ ചേൎത്തിട്ടുണ്ട്.

ഈ വിവൎത്തനത്തിൽ, തങ്ങളുടെ വിദ്യാസമ്പത്തിനെ നിൎല്ലോഭം ചെലവുചെയ്തു് എൻെറ ഈ പരിശ്രമത്തെ സഫലമാക്കിത്തീൎക്കുവാൻ വേണ്ടി കരുണാപൂൎവ്വം എന്നെ സഹായിച്ച നിസ്വാൎത്ഥമതികളും മഹാമനസ്കരുമായ എല്ലാ യതികളെയും ഗൃഹസ്ഥന്മാരെയും ആദരപൂൎവ്വം സ്മരിക്കുവാനും അവൎക്കെല്ലാം നന്ദി പ്രകടിപ്പിക്കുവാനും ഞാൻ ഈ സന്ദൎഭം വിനിയോഗിച്ചുകൊള്ളുന്നു.

അതിനും പുറമെ, ഈ ഗ്രന്ഥം പുറത്തു കൊണ്ടുവരുന്നതിലേക്കു് മൌലികമായ പലേ സഹായങ്ങളും ചെയ്തുതന്ന എല്ലാ നല്ലയാളുകളോടും ഞാൻ പ്രത്യേകം പ്രത്യേകമായി നന്ദി പറഞ്ഞുകൊള്ളുന്നു.

ശുഭം ഭവതു

ഓം നമോ ഭഗവതേ ശ്രീശങ്കരായ.

വിവൎത്തകൻ

ആത്മബോധം

(കിളിപ്പാട്ട്)

ഗുരുവന്ദനം

I

1

ജന്മഭൂമിയായ് നീലേ-
ശ്വരവും, തിരുവങ്ങാ-
ടെന്ന ദേശം തൻ കർമ്മ-
ഭൂമിയുമാക്കിത്തീർത്തു,

2

ശ്രീരാമപദാംഭോജ
സേവയാൽ പരപദം
ചേരാനായുള്ള പുണ്യ-
മാർജ്ജിച്ച മഹാശയൻ,

3

''രാമരെ''ന്നാക്കും കണ്ണു-
മൃതമേകീടും ദിവ്യ-
നാമാലംകൃതൻ കൃപാ-
നിധിയെൻ ഗുരുനാഥൻ,

4

ശാശ്വത വിദ്യയേകാ-
നെനിക്കന്നൊരു വർഷ-
മാശ്വിന ശുക്ലപക്ഷ-
മംഗളദശമിനാൾ,

5

തൻ പുണ്യ ഹസ്തത്താലെൻ—
വലങ്കൈ വിരലുക—
ളൻപുടൻ രണ്ടും ചേർത്തു
വിരിച്ച പൊടിമണ്ണിൽ

6

അക്ഷരമാലയെല്ലാം
ശുദ്ധമായെഴുതിച്ചു
ശിക്ഷ നല്കിക്കൊണ്ടെന്നെ
നൽവഴിക്കാക്കീടിനാർ.

7

അമ്മഹാഗുരുപാദാ—
ബ്ജദ്വന്ദ്വ തീർത്ഥം സർവ്വ
കന്മഷാപഹം മമ
ശിരസ്സിൽ ധരിക്കുന്നേൻ.

II

1

ചേർത്തല ദേശത്തിങ്കൽ
'തുരുത്തിക്കാ'ടെന്നുള്ള
കീർത്തിയാർജ്ജിച്ച 'കർത്ത'
ഗേഹത്തിൽ ജനിച്ചുള്ളോൻ;

2

കന്മഷവിലക്ഷണൻ,
ജന്മകോടികൾ ചെയ്ത
നന്മതൻ മൂർത്തീഭാവ—
മായോരെൻ ഗുരുനാഥൻ,

3

ബാല്യത്തിൽ 'കുഞ്ഞ'നെന്നും
പില്ക്കാലം സന്യസിച്ച
കാലത്തിൽ 'ശിവാനന്ദ'—
നെന്ന നാമവും നേടി,

4

ശ്രീ വിദ്യാ സാക്ഷാത്കാരം
സിദ്ധിച്ച 'യോഗാനന്ദ'
ദിവ്യയോഗിയാം യതീ–
ശ്വരനെ ഗുരുവാക്കി,

5

സാംഖ്യ,മീമാംസ, യോഗ,
ന്യായ, വൈശേഷികങ്ങൾ,
ശാംകരാദ്വൈത
മെന്നീയാറു ദൎശനങ്ങളും,

6

ഒന്നൊഴിയാതെ പഠി–
ച്ചുറച്ചാചരിച്ചുള്ളിൽ
നന്നായിട്ടാത്മജ്ഞാനം
നേടിയ ഗുരുവരൻ.

7

ശ്രീ രാജരാജേശ്വരീ–
പൂജാകല്പത്തെ തന്റെ
ഗുരുപാദാബ്ജങ്ങളി–
ലൎപ്പിച്ച ശിഷ്യോത്തംസം.

8

വൈരാഗ്യനിധി, നാനാ–
ഭാഷകൾ ഗ്രഹിച്ചെങ്ങും
സാരഗ്രാഹികൾക്കായി
വിജ്ഞാനദാനം ചെയ്തു,

9

സാധന ചതുഷ്ടയ
സമ്പത്തു യഥാക്രമം
സാധിച്ച ജിജ്ഞാസുക്കൾ–
ക്കാത്മോപദേശം നല്കി,

10

ഭാരതമാകെ സഞ്ച–
രിച്ചു തീൎത്ഥന്ത്യോത്ഥത്തിൽ

ചേരാനായ് പുണ്യഭൂവാം
　　പഞ്ചവടിയിലെത്തി.

11

ധ്യാനനിഷ്ഠനായാനന്ദാ–
　　ബ്ധിയിൽ വിലയിച്ച
മാനനീയനെൻ പരമാ–
　　ചാര്യൻ വെല്‌വൂതാക!

III

1

ആരെയാണഭിനവ–
　　ബാദരായണനെന്നു
സാരവേദികളായോർ
　　വാഴ്ത്തുന്നീ മലനാട്ടിൽ.

2

ആരുടെ തിരുനാമം
　　കർണ്ണത്തിൽ പതിയുമ്പോഴം
കേരളീയനു താനേ
　　കോൾമയിർ കൊണ്ടീടുന്നു.

3

വാണിയും കരഗ്രസ്ത–
　　മായ നെല്ലിക്കാപോലെ
കാണിയും പിരിയാതെ–
　　യാരിൽ താൻ കളിയാടി

4

ഊനമററുള്ള ലോല–
　　കോമളപദങ്ങളെ
ഗാനശൈലിയിലിണ–
　　ക്കിക്കോർത്ത മാംഗല്യത്തെ

5

കേരള ഭാഷായോഷാ–
　　മണിതൻ കണ്ഠത്തിങ്ക–

ലാരുതാനണിയിച്ച
സപ്രേമം സ്വഹസ്തത്താൽ.

6

ഭാരതം സംഗ്രഹിച്ച–
മദ്ധ്യാത്മരാമായണം
നേരിലും കേരളീയ–
ക്കാസ്വാദ്യതരമാക്കി,

7

അഞ്ചാതെ പഞ്ചവർണ്ണ–
പൈങ്കിളി കൊഞ്ചും മൊഴി–
ത്തേഞ്ചോൎത്തിധാരവാൎത്ത–
താരിതീ പുണ്യഭൂവിൽ

8

കൈരളിയുടെ ഭാഗ്യ–
താരങ്ങളത്യച്ചത്തിൽ
നേരായിത്തെളിഞ്ഞുനി–
ന്നപ്പോളേതൊരു മഹാൻ.

9

ജാതനായ് കേരളത്തിൻ–
മദ്ധ്യഭാഗത്തായുള്ള
ശ്രീ തങ്ങും കണ്ടിയൂരിൽ
തുഞ്ചത്തെന്നൊരു വീട്ടിൽ,

10

അമ്മഹാചാര്യപാദ–
പത്മത്തിൽ തിളങ്ങുന്ന
നിൎമ്മലപരാഗങ്ങ–
ളണിയായ് വരേണമേ,

IV

1

ശങ്കരഭഗവദ്പാ–
ദാചാര്യർ മുമുക്ഷുവിൻ

ശങ്കതീർത്താത്മജ്ഞാന-
മേകീടാൻ കൃപാവശാൽ

2

കേവലാദ്വൈത പാരാ-
വാരത്തെ കടഞ്ഞതിൽ
കേവലമറുപത്തെ-
ട്ടുള്ള കാരികകളെ

3

ചേർത്തട്ടത്തോരീയാത്മ-
ബോധത്തെ കിളിപ്പാട്ടായ്
തീർത്തിടാൻ ശ്രമിയ്ക്കുന്നേ-
നാചാര്യ കാരുണ്യത്താൽ.

ശ്രീ ഗുരുചരണാരവിന്ദാഭ്യാം നമഃ
ശുഭം ഭൂയാത്.

ആത്മബോധം

(കിളിപ്പാട്ട്)

1

വന്തപസ്സുകളാലെ
    പാപങ്ങരം തീർത്തോരരായി,
ശാന്തി കൈവന്നോരരായി,
    രാഗാദി വെടിഞ്ഞോരരായ്,
മുക്തികാമന്മാരായി–
    ട്ടിരിയ്ക്കും ജിജ്ഞാസുക്കരം–
ക്കിത്തരമാത്മബോധം
    വിധിയ്ക്കപ്പെട്ടീടുന്നു.

2

അന്യ സാധനങ്ങളാ–
    യുള്ളവയേക്കാരം ബോധ–
മൊന്നുതാൻ സാക്ഷാന്മുക്തി–
    ക്കേകെ സാധനം പാർത്താൽ.
വഹ്നിയില്ല്യാതെയില്ല്യാ
    പാകമെന്നതുപോലെ
ജ്ഞാനമില്ല്യാതെ മുക്തി
    സിദ്ധിച്ചീടുന്നുമില്ല്യ.

3

മാററീടുന്നില്ല്യ കർമ്മ–
    മെന്നുമേയവിദ്യയേ
മുററുമായതു വിരോ–
    ധിയ്ക്കപ്പെട്ടീടായ്കയാൽ
വിദ്യമാത്രം താൻ ഹനി–
    ച്ചീടുന്നിങ്ങവിദ്യയെ

നൽ തേജസ്സിരുട്ടിൻെറ
    കൂട്ടത്തെയെന്നപോലെ.

4

അറിവില്ലായ്മയാലേ
    യവച്ഛിന്നനെപ്പോലെ-
യിരിയ്ക്കുമാത്മാവജ്ഞാ-
    നത്തിൻെറ നാശത്തിൽ
തന്നത്താൻ ശോഭിയ്ക്കുന്നു
    മേഘമണ്ഡലത്തിങ്കൽ
നിന്നു മോചനം നേടി
    വന്ന സൂര്യനെപ്പോലെ

5

അവിദ്യാ കലുഷനാം
    ജീവനെ ജ്ഞാനം താനും
കേവലമഭ്യാസത്താൽ
    നിർമ്മലനാക്കിത്തീർത്തു.
പിന്നെ ജ്ഞാനവും താനെ
    നശിയ്ക്കും തേററാമ്പരൽ
തന്നുടെ ധൂളി വെള്ള-
    ത്തിങ്കലെന്നതുപോലെ.

6

ഭാസിപ്പൂ സ്വപ്നതുല്യം
    രാഗദ്വേഷാദി ചേർന്ന
സംസാരം സത്യമെന്ന-
    പോലവേ സ്വകാലത്തിൽ.
സത്യമായുള്ള ബോധം
    ജനിച്ചീടുന്ന നേരം
സത്യമല്ലാതായ് ഭവി-
    ച്ചീടുമായതു താനും.

7

ഏകമായെല്ലാററിന്നും
    മൂലമാം ബ്രഹ്മത്തിനെ

KOTTAYAM PUBLIC LIBRARY
70884
KOTTAYAM.

യാകവേയറിഞ്ഞീടാ–
തിരിക്കും കാലത്തോളം
ഇപ്രപഞ്ചങ്ങളെല്ലാം
സത്യമായ് ശോഭിക്കുന്നു
ചിപ്പിതാൻ വെള്ളിയായി–
ത്തിളങ്ങീടുന്നപോലെ.

8

മൂലഹേതുവായെല്ലാ–
ററിനുമേ താങ്ങായിട്ടും
കാലകാലനിൽത്തന്നെ–
യീജഗത്തുകളെല്ലാം.
പ്രാപിച്ചു കൊണ്ടീടുന്നൂ
സർഗ്ഗസ്ഥിത്യന്തങ്ങളെ,–
യപ്പിങ്കൽ പോളയുണ്ടായ്
നശിക്കുന്നതുപോലെ.

9

നാനാത്വമായിക്കാണ–
പ്പെടുന്നോരിവയെല്ലാം
കനകത്തിങ്കൽ കങ്ക–
ണാദികളെന്നപോലെ.
നിത്യമായ് സച്ചിദാത്മാ–
വായനുസ്യൂതമായി
വർത്തിക്കും വിഷ്ണുവിങ്കൽ
കല്പിക്കപ്പെട്ടീടുന്നു.

10

ആകവേ നാനോപാധി–
കളുമായ് കൂടിച്ചേർന്നോ–
രാകാശമെന്നപോലെ
വിഭുവാം ഹൃഷീകേശൻ
അവതൻ ഭേദത്താലെ
ഭിന്നനായ് പ്രകാശിക്കു–
ന്നവതൻ നാശത്തിങ്കൽ
കേവലനായീടുന്നു.

11

വെള്ളത്തിൽ, രസം, വർണ്ണ—
　　മെന്നിവയാരോപിച്ചി—
ട്ടുള്ളത്തിൽ വെവ്വേറെ—
　　യായ് കണ്ടീടുന്നതുപോലെ
നാനോപാധികളാൽതാൻ
　　ജാതിനാമാശ്രമാദി
നാനാത്വമാരോപിക്ക—
　　പ്പെട്ടീടുന്നാത്മാവിങ്കൽ.

12

അഞ്ചാക്കിത്തീർക്കപ്പെട്ടി—
　　ട്ടുള്ളോരു മഹാഭൂത—
സഞ്ചയത്തിൽനിന്നുണ്ടായ്
　　കർമ്മസഞ്ചിതവുമായ്
തീർന്നീടും സ്ഥൂലദേഹം
　　സുഖദുഃഖങ്ങൾ രണ്ടും
നന്നായി ഭുജിച്ചീടാ—
　　നുള്ളൊരു ഗേഹമത്രേ.

13

അഞ്ചാക്കപ്പെടാതുള്ള
　　പഞ്ചഭൂതത്തിലുണ്ടാം,
പഞ്ചപ്രാണങ്ങൾ, മനോ
　　ബുദ്ധികൾ, ദശേന്ദ്രിയം,
എല്ലാമേ കൂടിച്ചേർന്നി—
　　ട്ടുണ്ടാകും സൂക്ഷ്മദേഹ—
മില്ല സന്ദേഹം ഭോഗ—
　　സാധനമായീടുന്നു.

14

ആദിയില്ലാതുള്ളനി—
　　ർവ്വാച്യമാമവിദ്യയെ—
യോതുന്നു വിദ്വജ്ജനം
　　കാരണദേഹമെന്നും

ദേഹങ്ങൾ മൂന്നിൽനിന്നും
കേവലമന്യമെന്നു
ദേഹിയാമാത്മാവിനെ
നന്നായി ധരിച്ചാലും.

15

ശുദ്ധാത്മാവുതാൻ പഞ്ച—
കോശാദി സംയോഗത്താൽ
തത്തദാകാരമെന്ന
പോലവെ വർത്തിക്കുന്നു.
നീലവസ്ത്രാദി സംയോ—
ഗത്താലെ സ്ഫടികവും
ചേലോടാ നിറങ്ങളിൽ
വർത്തിച്ചീടുന്നപോലെ.

16

ഉമിയും മററും ചേർന്നു—
ള്ളരിയേയെന്നപോലെ
ക്രമമായ് കോശങ്ങളോ—
ടിടചേർന്നന്തർഭാഗേ
ശുദ്ധമായിരിക്കുന്നോ—
രാത്മാവെ യുക്തിയാകും
മർദ്ദനത്താലെ നന്നായ്
മോചിപ്പിച്ചീടേണം.

17

എല്ലാ ദിക്കിലും സദാ—
വ്യാപ്തനെന്നിരുന്നാലു—
മെല്ലാദിക്കിലും ശോഭി—
ച്ചീടുന്നില്ലാത്മാവു താൻ
നിശ്ചയം ബുദ്ധിയിൽ താൻ
തെളിഞ്ഞു ശോഭിക്കുന്നു
സ്വച്ഛവസ്തുവിൽ പ്രതി—
ബിംബമെന്നതുപോലെ.

18

കായങ്ങളിന്ദ്രിയങ്ങൾ
മാനസം ബുദ്ധിയെന്നീ
മായികപ്രകൃതിയിൽ
നിന്നേററം വിഭിന്നമായ്
ഈ വക വൃത്തികൾക്കു
സാക്ഷിയാമാത്മാവിനെ
കേവലം രാജാവിനെ—
പ്പോലവെയറിയേണം.

19

വ്യാപാരമിന്ദ്രിയങ്ങൾ
ചെയ്യുമ്പോളാത്മാവുതാൻ
വ്യാപരിച്ചീടുന്നെന്നു
കാണുന്നിങ്ങജ്ഞാനികൾ
ആകാശത്തിങ്കൽ കൂടി
മേഘങ്ങൾ ചരിക്കുമ്പോൾ
രാകേന്ദു ചരിച്ചീടു—
ന്നെന്നു തോന്നീടുംപോലെ.

20

കായേന്ദ്രിയങ്ങൾ മനോ—
ബുദ്ധികളിവയെല്ലാ—
മീയാത്മചൈതന്യത്തെ—
യാശ്രയിച്ചുതാൻ ചെയ്വൂ.
തന്തൻ വൃത്തികൾ, ലോകം
സൂര്യനെയാശ്രയിച്ചി—
ട്ടന്തരം വിനാതന്തൻ
വൃത്തി കൈകൊള്ളുംപോലെ.

21

ദേഹേന്ദ്രിയാദിധമ്മ—
മായിടും കമ്മങ്ങളെ
മോഹത്താൽ സച്ചിദാത്മാ—
വിങ്കലധ്യസിക്കുന്നു.

നീലാദിവൎണ്ണങ്ങളെ
ശുദ്ധമാമാകാശത്തിൽ
ചേലോടെ യധ്യസിച്ചു
മോഹിച്ചീടുന്നപോലെ.

22

മാനസോപാധിതൻെറ
കർത്തൃത്വാദികളെല്ലാം
ജ്ഞാനമില്ലായ്കയാലേ
യാത്മാവിൽ കല്പിക്കുന്നു.
ചലിക്കും ജലത്തിങ്കൽ
ബിംബിക്കും ശശിതന്നിൽ
ചലനാദിയെ സ്വയം
കല്പിച്ചീടുന്ന പോലെ.

23

ഇച്ഛയും രാഗം സുഖം
ദുഃഖമെന്നിവയെല്ലാം
നിശ്ചയം ബുദ്ധിചേഷ്ടി-
കുമ്പോഠം താനുണ്ടാകുന്നു
ബുദ്ധിതാൻ സുഷുപ്തിയി-
ലില്ലപ്പോളിവയില്ല
ബുദ്ധിക്കാണതിനാലീ
യിവയാത്മാവിന്നല്ല.

24

സവിതാവിൻെറ ശോഭ,
വെള്ളം തന്നുടെ ശൈത്യം,
പാവകൻ തൻെറയുഷ്ണ-
മെന്നിവ പോലെതന്നെ
സത്തുചിത്താനന്ദങ്ങഠം,
നിത്യനിൎമ്മലതക-
ളിത്തരം സ്വഭാവങ്ങ-
ളാത്മാവിന്നുള്ളതാകും.

25

ആത്മാവു തനക്കുള്ള
സച്ചിദംശവും പിന്നെ
ബുദ്ധിവൃത്തിയും രണ്ടു–
മൊന്നാക്കിച്ചേർത്തശേഷം
കേവലമവിവേകാൽ
'ഞാനറിഞ്ഞീടുന്നേ'നെ–
ന്നീവിധം വൃത്തിയിങ്കൽ
ചരിച്ചു കൊണ്ടീടുന്നു.

26

ഇല്ല വിക്രിയയാത്മാ–
വിന്നതുപോലെ ബോധ–
മില്ലൊരിക്കലും ബുദ്ധി–
ക്കെന്നുള്ളതറിയാതെ
ജീവനുമെല്ലാമാലി–
ന്യങ്ങളുമായിച്ചേർന്നി–
ട്ടീവിധം കാഴ്ചപ്പാട്ടി–
ലിരുന്നു മോഹിക്കുന്നു.

26 a

ഇല്ലൊരിക്കലുമാത്മാ–
വിന്നു വിക്രിയയേതു–
മില്ലൊരിക്കലും ബോധം
ബുദ്ധിക്കുമതുപോലെ
ഇത്തരമെല്ലാം നന്നാ–
യറിഞ്ഞു ജീവൻ താനും
കർത്താവും ദ്രഷ്ടാവും താ–
നെന്നോർത്തു മോഹിക്കുന്നു.

27

ഭയന്നീടുന്നു ജീവ–
നായ് കണ്ടിട്ടാത്മാവിനെ
കയറുതന്നെ പാമ്പായ്–
ക്കണ്ടു പേടിക്കുംപോലെ

ജീവനല്ല ഞാൻ സാക്ഷാൽ
പരമാത്മാവു താനെ-
ന്നേവമങ്ങറിയുമ്പോഠം
ഭീതിയുമകന്നീടും.

28

ആത്മാവു ശോഭിപ്പിപ്പൂ
ബുദ്ധ്യാദിന്ദ്രിയങ്ങളെ
സ്വാത്മനാ ഘടാദിയെ
ദീപമെന്നതുപോലെ
കേവലം ബുദ്ധ്യാദികഠം
ജഡമായിരിപ്പതാ-
ലീവിധമാത്മാവിനെ
ശ്ശോഭിപ്പിക്കുന്നുമില്ല.

29

ബോധരൂപമാണെന്ന-
താകയാലാത്മാവിന്ന്
ബോധം മറെറാന്നു വേണ്ട
തന്നത്താനറിഞ്ഞീടാൻ.
അന്യദീപാപേക്ഷ വേ-
ണ്ടെന്നുമേ ദീപത്തിന്നു
നന്നായിത്തന്നെ ശ്ശോഭി-
പ്പിച്ചിടാനെന്നപോലെ.

30

'നേതി നേതീതി' വാക്യ
ചിന്തയാലുപാധിക-
ളേതുമേ ശേഷിച്ചീടാ-
തെല്ലാമെ നിഷേധിച്ച
ഒന്നു താൻ ജീവാത്മാവും
പരമാത്മാവും രണ്ടു-
മെന്നറിയേണം മഹാ-
വാക്യാത്ഥവിജ്ഞാനത്താൽ.

31

നശ്വര,മവിദ്യയാ-
ലുണ്ടാകും ശരീരാദി
ദൃശ്യവസ്തുക്കളെല്ലാം
നീർകുമിളകരംപോലെ
ഈയിവററിൽനിന്നേററം
ഭിന്നനായൊരു 'ഞാനും'
പൊയ്യല്ല വിശുദ്ധമാം
ബ്രഹ്മമെന്നറിഞ്ഞാലും

32

ജന്മവും, കർമ്മം, ക്ഷയം,
മൃത്യുവെന്നിവയൊന്നു-
മെന്നുമേയിനിക്കില്ല
ദേഹമല്ലാത്ത മൂലം
ശബ്ദാദിവിഷയങ്ങ-
ളോടു ചേർച്ചയുമില്ല
സത്യത്തിലെനിക്കിന്ദ്രി-
യങ്ങളില്ലായ്കയാലെ.

33

എനിക്കു, ദുഃഖം, രാഗം,
ദ്വേഷം ഭീയിവയൊന്നും
നിനയ്ക്കിലില്ല ഞാനും
മാനസമല്ലായ്കയാൽ
'പ്രാണനും മനസ്സുമല്ലാ-
യതു ശുദ്ധൻ താ'നെ-
ന്നൂനമെന്നിയേ ശ്രുതി
ശാസിച്ചീടുകകൊണ്ടും.

34

നിർഗ്ഗുണനായി, ക്രിയാ-
ഹീനനായ്, നിത്യനായി,
വിഗതവികല്പനായ്
നിഷ്കളസ്വരൂപനായ്,

നിൎവ്വികാരനായ്, നിരാ—
കാരനായ്, വിശുദ്ധനായ്,
സൎവ്വദാ മുക്തനായി—
ട്ടിരിപ്പോനാകുന്നു 'ഞാൻ'.

35

ആകാശം കണക്കെല്ലാ—
ററിൻെറയുമൊരുപോലെ—
യകവും പുറവുമായ്
വ്യാപിച്ചച്യുതനുമായ്
സ്ഥിരനായ്, നിസ്സംഗനായ്
നിൎമ്മലനായി, സ്സദാ
പരിശുദ്ധനായ് സൎവ്വ
സമനായിരിപ്പോൻ 'ഞാൻ'.

36

നിത്യമായ്, വിശുദ്ധമാ—
യേകമായഖണ്ഡമായ്,
മുക്തമായാനന്ദമാ—
യദ്വയസ്വരൂപമായ്,
സത്യമാ, യനന്തമായ്,
ജ്ഞാനമായിരിക്കുന്നോ—
രേതൊരു പരബ്രഹ്മ—
മതുതാൻ 'ഞാനാ'കുന്നു.

37

കേവലം 'ബ്രഹ്മം തന്നെ
'ഞാ'നെന്നു നിരന്തര—
മീവിധം ചെയ്യുന്നീടുന്ന
വാസനയാലെ തീരും,
അവിദ്യാജന്യവിക്ഷേ-
പാദികൾ, രസായന-
മെവ്വിധം രോഗങ്ങളെ—
ത്തീൎത്തീടുന്നതുപോലെ.

38

ഏകാന്ത ദേശത്തിങ്ക–
ലാസനസ്ഥിതനായി
രാഗാദി കൈവിട്ടിന്ദ്രി–
യങ്ങളെക്കീഴടക്കി
ഒന്നായിട്ടനന്തമാ–
യിരിപ്പോരാത്മാവിനെ–
യന്യചിന്തക്കൂടാതെ
ഭാവന ചെയ്തീടണം.

39

ബുദ്ധിമാനായുള്ളവൻ
കാണപ്പെട്ടവയെല്ലാം
ബുദ്ധിയാലാത്മാവിങ്കൽ
വിലയിപ്പിച്ചു നന്നായ്
പിന്നെയങ്ങാത്മാവിനെ
നിർമ്മലാകാശം പോലെ–
യൊന്നായിട്ടെല്ലാപ്പോഴും
ധ്യാനിച്ചു കൊണ്ടീടേണം.

40

പരമാർത്ഥജ്ഞാനിതാൻ
രൂപവർണ്ണാദിയെല്ലാം
പരിചോടുപേക്ഷിച്ചു
കൊണ്ടങ്ങു വഴിപോലെ
പരിപൂർണ്ണമായ്, ചിത്താ–
യാനന്ദ വടിവുമായ്,
പരിശോഭിപ്പോരു തൻ
രൂപത്തിൽ സ്ഥിതി ചെയ്‌വൂ.

41

ജ്ഞാതാവും, ജ്ഞാനം, ജ്ഞേയ–
മീവകയുള്ള ഭേദ–
മേതുമേ കാണുന്നീല
പരമാത്മാവു തന്നിൽ

ഏകമായ് ചിദാനന്ദാ—
　　കാരമായിരിക്കുന്ന—
താകയാലതു താനേ
　　ശോഭിച്ചു കൊണ്ടീടുന്നു.

42

ആത്മാവാമരണിമേൽ
　　ധ്യാനമാം മഥനത്തെ
നിത്യവും ചെയ്തീടുമ്പോ—
　　ളുണ്ടാകും ബോധജ്വാല;
ചുട്ടു ചാമ്പലായ് തീക്ക—
　　മജ്ഞാതങ്ങളായീടു—
മൊട്ടു കാഷ്ഠങ്ങളേയു—
　　മെന്നതു ബോധിച്ചാലും!

43

ആദ്യമായരുണൻ വ—
　　ന്നിരുട്ടു നീക്കുന്നേര—
മാദിത്യൻ സ്വയം ശോഭി—
　　ച്ചുദിച്ചു പൊങ്ങീടുന്നു.
ആ വിധം ബോധത്താലെ—
　　യജ്ഞാനം നീങ്ങുന്നേര—
മാവിർഭ്വവിച്ചിടുന്നി—
　　താത്മാവും താനേ തന്നെ.

44

പ്രാപ്തമാണെല്ലായ്പോഴു—
　　മാത്മാവെന്നിരുന്നാലും
പ്രാപ്തമല്ലെന്നപോലെ
　　തോന്നീടുന്നവിദ്യയാൽ.
ആയതു നശിക്കുമ്പോൾ
　　പ്രാപ്തമായ് ശോഭിക്കുന്നു,
മായം വിട്ടു തൻ കണ്ഠാ—
　　ഭരണം പോലെ നന്നായ്.

45

കുററിയിലാളുപോലെ
ബ്രഹ്മത്തിൽ വിഭ്രാന്തിയാൽ
മുററുമേ ജീവഭാവം
കല്പിക്കപ്പെട്ടീടുന്നു.
സാത്വികമായീടുന്ന
ജീവൻെറ തനിരൂപം
പാൎത്തറിയുമ്പോളതിൻ
മുക്തിയും സിദ്ധിക്കുന്നു.

46

തത്വരൂപത്തെസ്സാക്ഷാത്—
കരിച്ചീടുന്ന നേരമുത്പതിച്ചീടും ജ്ഞാനം
സത്വരം നശിപ്പിക്കും
'ഞാ'നെന്നു,'മെൻേറ'തെന്നു—
മുണ്ടാകുമജ്ഞാനത്തെ,
മാനസം തെളിയുമ്പോഠം
ദിഗ്ഭ്രമം നീങ്ങുംപോലെ.

47

നന്നായി വിജ്ഞാനത്തെ
നേടിയ യോഗിവര്യൻ
തന്നാത്മാവിങ്കൽ സൎവ്വം
സ്ഥിതിചെയ്യുന്നതായും
ഏകമാമാത്മാവെല്ലാ—
ററിങ്കലുമുള്ളതായു—
മാകവേ കണ്ടീടുന്നു
ജ്ഞാനചക്ഷുസ്സിനാലെ.

48

ആത്മാവു മാത്രമാണീ
കാണുന്ന ജഗത്തെല്ലാ—
മാത്മാവിൽ നിന്നു വേറാ—
യേതുമേ ശേഷിപ്പീല

മണ്ണിൽനിന്നുണ്ടായീടും
    കുടവും മററും പോലെ–
യെണ്ണികൊണ്ടെല്ലാറേറയു–
    മാത്മാവായ് ദശിക്കേണം.

49

ജീവന്മുക്തനാം വിദ്വാ–
    നീവിധ മറിഞ്ഞ പിൻ
കൈവിട്ട പൂർവ്വോപാധി
    ഗ്ഗുണങ്ങളെല്ലാറേറയും
സത്തുചിത്താനന്ദാദി
    ധർമ്മത്തെ പ്രാപിക്കുന്നു
സത്വരം പുഴുതാനും
    വേട്ടാളനാകുംപോലെ.

50

യോഗിയായവൻ മോഹാ–
    ർണ്ണവത്തെക്കടന്നിട്ട്,
രാഗദ്വേഷാദിരാക്ഷ–
    സന്മാരെ നിഹനിച്ചും
ശാന്തിരൂപയാം ദേവി
    തന്നേയും വരിച്ച പിൻ,
സന്തതമാത്മാരാമ–
    നായിട്ടു ശോഭിക്കുന്നു.

51

ബാഹ്യമായനിത്യമാ–
    യിരിക്കും സുഖേച്ഛയെ
നിഹനിച്ചും കൊണ്ടാത്മ–
    സൌഖ്യത്തിൽ രതനായി
പാത്രത്തിൽ സ്ഥിതിചെയ്യും
    ദീപത്തെപ്പോലെ യോഗി
തത്രതന്നന്തർഭാഗ–
    ത്തിങ്കലായ് വിളങ്ങുന്നു.

52

മുനിതാനുപാധിസ്ഥ—
നെന്നാലും വ്യോമം പോലെ—
യൊന്നുമേയതിൻ ധർമ്മ—
ങ്ങളുമായ് ചേർന്നീടാതെ,
സർവ്വജ്ഞനായി മൂഢ—
നെപ്പോലെയിരുന്നുകൊ—
ണ്ടുർവ്വിയിൽ ചരിക്കുന്നു
വായുപോലസക്തനായ്.

53

ഈ വിധമുപാധിതൻ
നാശത്തിൽ യോഗിതാനും
കേവലസ്വരൂപനായ്
വിഷ്ണുവിൽ ലയിക്കുന്നു.
വെള്ളത്തിൽ വെള്ളം താനും
വ്യോമത്തിൽ വ്യോമം താനു—
മുള്ളപോലഗ്നിയഗ്നി—
യിങ്കലും ചേരുംപോലെ.

54

ഏതൊന്നിൻ ലാഭത്തിങ്ക—
ലന്യലാഭങ്ങൾ വേണ്ട,
യാതൊരു സുഖത്തിങ്കൽ
മറെറാരു സുഖം വേണ്ട,
ജ്ഞാനമേതൊന്നു വന്നാ—
ലന്യമാം ജ്ഞാനം വേണ്ട,
നൂനമങ്ങതു തന്നെ
'ബ്രഹ്മ'മെന്നുറച്ചാലും!

55

യാതൊന്നു ദർശിച്ചീടിൽ
മറെറാന്നു ദർശിക്കേണ്ട,
യാതൊന്നായ് ഭവിച്ചീടിൽ
പിന്നീടു ഭവിപ്പീല,

ഏതിനെയറിഞ്ഞീടിൽ
മറെറാന്നുമറിയേണ്ടി–
ങ്ങതു താൻ 'ബ്രഹ്മ'മെന്നു
നന്നായി ധരിച്ചാലും!

56

മേലും കീഴിലും ചുററു–
മെങ്ങുമേ നിറഞ്ഞതായ്,
ചേലോടെ സച്ചിദാന–
ന്ദാദ്വയസ്വരൂപമായ്,
നിത്യമാ,യനന്തമാ–
യേകമാ,യേതൊന്നു താൻ
വർത്തിക്കു,ന്നതു തന്നെ
'ബ്രഹ്മ'മെന്നുറച്ചാലും.

57

ഏതൊരവ്യയമായ
വസ്തുവെ വേദാന്തങ്ങൾ
ബോധിപ്പിച്ചീടു'ന്നത–
ദ്വ്യാവൃത്തി'രൂപത്തിങ്കൽ
ആയഖണ്ഡാനന്ദമാ–
യേകമായിരിപ്പതെ
മായമെന്നിയേ 'ബ്രഹ്മം'
തന്നെയെന്നുറച്ചാലും.

58

താരതമ്യമായ് ബ്രഹ്മാ–
വാദിയായുള്ളോരെല്ലാം
പാരവുമഖണ്ഡമാ–
മാമന്ദരൂപത്തിൻെറ,
ഏററവും ലഘുവായോ–
രംശത്തെയാശ്രയിച്ചി–
ട്ടററമില്ലാത്തോരാന–
ന്ദികളായ്ഭവിക്കുന്നു.

59

വസ്തുക്കളെല്ലാമതോ—
ടൊത്തു താനിരിക്കുന്നു,
നിസ്തക്കം വ്യവഹാര—
മതിനാലുണ്ടാകുന്നു,
ആകയാൽ ഘൃതം പാലിൽ
വ്യാപിച്ചു നില്ക്കുംപോലെ—
യാകവേ ബ്രഹ്മം സൎവ്വ—
വ്യാപിയായിരിക്കുന്നു.

60

സ്ഥൂലസൂക്ഷ്മങ്ങളല്ല,
ചെറുതും വലുതുമ,—
ല്ലില്ല ജന്മനാശങ്ങൾ,
രൂപവുമേതുമില്ല,
ഗുണവൎണ്ണങ്ങളില്ലീ—
വസ്തുയാതൊന്നാണതേ
നിൎണ്ണയിച്ചാലും ബ്രഹ്മ—
മാണെന്നതകതാരിൽ.

61

യാതൊന്നിൻ ശോഭയാലേ
ശോഭിപ്പൂ സൂര്യാദികൾ
യാതൊന്നായവ തന്റെ
ശോഭയാൽ ശോഭിപ്പീല
യാതൊന്നിനാലിക്കാണ്മ—
തെല്ലാമേ ശോഭിച്ചീടു—
ന്നതു താൻ ബ്രഹ്മമെന്നു
നന്നായി ധരിച്ചാലും.

62

അഗ്നിയിൽ പഴുത്തുള്ളൊ
രയസ്സിൻ ഗോളത്തിങ്ക—
ലഗ്നിതാൻ പ്രകാശിക്കും
പോലവേ ബ്രഹ്മംതാനും

തന്നത്താനകം പുറം
രണ്ടിലും വ്യാപിച്ചുംകൊ—
ണ്ടെന്നുമീ ജഗത്തിങ്ക—
ലെല്ലാമേ ശോഭിക്കുന്നു.

63

ബ്രഹ്മമീ ജഗത്തിൽനി—
ന്നന്യമായിരിക്കുന്നു,
ബ്രഹ്മത്തിൽ നിന്നു വേറാ—
യൊന്നുമേ ശേഷിപ്പീല.
അന്യമായ് ബ്രഹ്മത്തിൽനി—
ന്നൊന്നു കണ്ടിടുന്നാകിൽ
നമ്മരുമരീചിക
പോലതു മിഥ്യതന്നെ

64

ഏതു കണ്ടീടു, ന്നേതു
കേട്ടീടു,ന്നവയെല്ലാ—
മേതുമേ ബ്രഹ്മത്തിൽ
നിന്നന്യമായ് ഭവിപ്പീല
നിശ്ചയം തത്വജ്ഞനാ—
യുള്ളവന്നിവയെല്ലാം
സച്ചിദാനന്ദാദ്വയ
ബ്രഹ്മമായ് ഭവിക്കുന്നു.

65

എങ്ങുമേ നിറഞ്ഞുള്ള
സച്ചിദാനന്ദത്തിനെ
മങ്ങാതെ ജ്ഞാനചക്ഷു—
സ്സുള്ളവൻ കണ്ടീടുന്നു.
ദർശിപ്പീലജ്ഞാനച—
ക്ഷുസ്സുള്ള പുമാനതെ—
ബ്ഭാസിക്കും സൂര്യൻ തന്നെ—
യന്ധനെന്നതുപോലെ.

66

ന്യൂനമാ ശ്രവണാദി
    ത്രയത്താലുദ്ദീപ്തമാം
ജ്ഞാനാഗ്നിയാലേ തപി–
    പ്പിക്കപ്പെട്ടോരു ജീവൻ
എല്ലാ മാലിന്യങ്ങളിൽ
    നിന്നുമേ മുക്തനായി
നല്ലൊരു പൊന്നുപോലെ
    നന്നായിശ്ശോഭിക്കുന്നു.

67

ഹൃദയാകാശത്തിലു–
    ള്ളന്ധകാരത്തെ നീക്കീ–
ട്ടുദയം ചെയ്തീടുന്നോ–
    'രാത്മബോധ'മാം സൂര്യൻ
എല്ലാമേ ധരി,ച്ചെല്ലാ
    ദിക്കിലും വ്യാപിച്ചും കൊ–
ണ്ടെല്ലാററിനേയും ശോഭി–
    പ്പിച്ചു താൻ ശോഭിക്കുന്നു.

68

ദിഗ്ദേശ കലാദിയേ–
    ത്തേടാതെ നിറഞ്ഞെങ്ങും
ശീതാദി ബാധയെല്ലാ–
    മററു നിത്യാനന്ദമായ്
കല്മഷ വിഹീനമാം
    തന്നാത്മതീർത്ഥത്തിനെ
കർമ്മാതീതനാമേവൻ
    സേവിച്ചു കൊണ്ടീടുന്നു
അപ്പുമാൻ, സർവ്വജ്ഞനായ്
    സർവ്വവ്യാപിയുമായി–
ട്ടിപ്പാരിൽ മൃത്യുവി–
    ല്ലാത്തവനായ് ഭവിക്കുന്നു.

സമൎപ്പണം

ഐശ്വര്യാദികളാറു-
മൊത്തുചേൎന്നിരിപ്പതാ-
ലീശ്വരനായിത്തീൎന്ന
a ഭഗവാൻ ശ്രീശങ്കരൻ,

അധികാരികൾക്കൊപ്പി-
ച്ചാത്മബോധത്തെ നല്ലാ-
നധിനായകൻ ചിന്തി-
ച്ചുറച്ചു വിശ്വാചാര്യൻ.

ജ്യോതിഷ്ടോമവും, സൌത്രാ-
മണിയും, പൌണ്ഡരീക-
